വേണമെന്ന് പറഞ്ഞിട്ടുണ്ട്. എല്ലാ രേഖകളിലും നഴ്സ് ഫ്ലിബോട്ടമിസ്റ്റ് എന്നാണ് പറഞ്ഞിരിക്കുന്നത്. നഴ്സുമാർതന്നെ ഫ്ലിബോട്ടമി ചെയ്യണമെന്ന് തന്നെയാണ് വാക്കാൽ അവർ ആവശ്യപ്പെടാറുള്ളത്. നഴ്സുമാരുടെ അഭാവത്തിൽ അവശ്യ ഘട്ടങ്ങളിൽ പരിശീലനം ലഭിച്ച യോഗ്യതയുള്ള ആർക്കും ഫ്ലിബോട്ടമി ചെയ്യാം.

സുകൃതം പദ്ധതി

25 (690) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ ചികിത്സ സൗജന്യമായി ചെയ്യുന്നതിന് സുകൃതം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) സുകൃതം പദ്ധതിയിൽ ഉൾപ്പെടുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ഡി) കാൻസർ രോഗം കൊണ്ട് കഷ്ടപ്പെടുന്ന എല്ലാവരെയും എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ പ്രസ്തുത പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാൻസർ രോഗികൾക്ക് 8 പ്രധാന ആശുപത്രികളിൽ കാൻസർ ചികിത്സ സൗജന്യമാക്കുന്ന സുകൃതം പദ്ധതി 2014 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാലും കാൻസർ രോഗചികിത്സയ്ക്ക് ഭാരിച്ച ചെലവ് വേണ്ടിവരുന്നതിനാലും സാധാരണക്കാരായ ജനങ്ങൾക്ക് കാൻസർ ചികിത്സ അപ്രാപ്യമാകുകയും കാൻസർ മരണ നിരക്ക് കൂട്ടുന്നതിന് കാരണമാകുകയും ചെയ്യുന്നു. ഈ അവസ്ഥ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സുകൃതം. ദാരിദ്ര്യരേഖയ്ക്ക് താഴെവരുന്ന എല്ലാ ജനങ്ങൾക്കും കാൻസർ ചികിത്സ സൗജന്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ കണ്ണൂർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി ലഭ്യമാകുക. RSBY/കാരുണ്യ/ താലോലം തുടങ്ങിയ ഫണ്ടുകൾ പ്രയോജനപ്പെടുത്തിയശേഷമേ സുകൃതം ഫണ്ട് ഉപയോഗപ്പെടുത്തുകയുള്ളൂ. ഇതിനായി സംസ്ഥാനതലത്തിൽ ഒരു സൊസൈറ്റി രൂപീകരിക്കുകയും ധനസമാഹരണത്തിന് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി അതത് ആശുപത്രികളിൽ നിയമിച്ചിട്ടുള്ള സുകൃതം വോളന്റിയേഴ്സിനെ രോഗിയുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡുമായി സമീപിച്ചാൽ പ്രസ്തുത രോഗിയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ ലഭ്യമാക്കുന്നതാണ്.

(ഡി) എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ തന്നെ കാൻസർ രോഗികളുടെ ചികിത്സാ സഹായത്തിനായി കാരുണ്യ ബെനവലന്റ് ഫണ്ട് നിലവിലുണ്ട്. സുകൃതം പദ്ധതി ബി.പി.എൽ. വിഭാഗം കാൻസർ രോഗികൾക്ക് മാത്രമായി ഉള്ളതാണ്.

സൗജന്യ ജനറിക് മരുന്നുകളും അവയുടെ ദൗർലഭ്യവും

26 (691) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഏതൊക്കെ ജനറിക് മരുന്നുകളാണ് സൗജന്യമായി നൽകുന്നത് ;

(ബി) പ്രസ്തുത മരുന്ന് ദൗർലഭ്യം അനുഭവപ്പെടുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മരുന്ന് ദൗർലഭ്യം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 585 ഇനം ജനറിക് മരുന്നുകളാണ് സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി വിതരണം ചെയ്യുവരുന്നത്. പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി വിതരണം ചെയ്യാനുള്ള ജനറിക് മരുന്നുകളുടെ സംഭരണത്തിനായുള്ള ടെണ്ടർ 2015 ജനുവരി 8-ന് ക്ഷണിച്ച്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly